പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4086

26/06/2013 ൽ മറുപടിയ്ക്ക്

## തദ്ദേശ സ്വയംഭരണ വകുപ്പ് എൻജിനീയറിംഗ് വിംഗിലേക്ക് ജലവിഭവവകുപ്പിലെ ക്ലാർക്കുമാരുടെയും ടൈപ്പിസ്റ്റുമാരുടെയും ഓപ്ഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി പി. അയിഷാ പോറ്റി | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) തദ്ദേശ സ്വയംഭരണ വകുപ്പ് എൻജിനീയറിംഗ് വിംഗിലേക്ക് ജല വിഭവ വകുപ്പിലെ എത്ര ക്ലാർക്ക് മാരുടെയും, ടൈപ്പിസ്റ്റുമാരുടെയും സ്ഥിരം ഓപ്ഷൻ ചോദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) ജലസേചന വകുപ്പിൽ 111 ക്ലാർക്കുമാരും, 44 ടൈപ്പിസ്റ്റുമാരും തദ്ദേശ സ്വയംഭരണ എൻജിനീയറിംഗ് വിംഗിലേക്ക് സ്ഥിരമായി പുനർവിന്യസിക്കപ്പെടാൻ ഓപ്ഷൻ നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത ഓപ്ഷൻ അംഗീകരിച്ചു കൊണ്ട് ജലവിഭവ വകുപ്പിൽ നിന്നും വിടുതൽ ചെയ്തവരുടെ വിശദ വിവരം ലഭ്യമാക്കുമോ ; | (ബി) പ്രസ്തുത ഓപ്ഷൻ അംഗീകരിച്ചു കൊണ്ട് സർക്കാർ ഉത്തരവായിട്ടുള്ള 96 ക്ലാർക്കുമാരെയും 43 ടൈപ്പിസ്റ്റുമാരെയും വിടുതൽ ചെയ്തിട്ടുണ്ട്. പുതുതായി ഉത്തരവായിട്ടുള്ള 12 ക്ലാർക്കുമാരേയും ഒരു ടൈപ്പിസ്റ്റിനേയും വിടുതൽ ചെയ്യുന്നതിനുള്ള നടപടി ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ സ്വീകരിച്ചുവരുന്നു. |
| (സി) ആദ്യം ഓപ്ഷൻ സ്വീകരിച്ചശേഷം വീണ്ടും അതേ വിഭാഗക്കാരിൽ നിന്നും അതേ വിഷയത്തിൽ ഓപ്ഷൻ സ്വീകരിക്കാൻ വകുപ്പ് തയ്യാറാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | (സി) ഇല്ല. |

സെക്ഷൻ ഓഫീസർ